(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

ഉത്തരം

(എ ആന്റ് ബി) മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കടലോര മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും വിതരണം ചെയ്യുന്നുണ്ട്.

ആനുകൂല്യങ്ങൾ നൽകുന്നതിൽ കടലോര-ഉൾനാടൻ മേഖലകളിലെ വിവേചനം

91 [1894] ശ്രീ. ഷിബു ബേബി ജോൺ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ കടലോര-ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എന്ന് വേർതിരിച്ച് ആനുകൂല്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി കോളനികളിലെ റോഡുകൾ ടാർചെയ്ത് നന്നാക്കുന്നതുപോലെ ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികളിലെ റോഡുകളും ടാർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) കടലോര-ഉൾനാടൻ വ്യത്യാസമില്ലാതെ ആനുകൂല്യം നൽകുമെന്നുള്ള പ്രഖ്യാപനം അനുസരിച്ച് കടലോര മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) സമ്പാദ്യ-സമാശ്വാസ പദ്ധതിയുടെ കാര്യത്തിൽമാത്രമേ ഇങ്ങനെയൊരു വേർതിരിവുള്ളൂ.

(ബി) ഈ വർഷം ഫിഷറീസ് റോഡുകൾക്ക് പ്രത്യേകം ഫണ്ട് നീക്കിവച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

(സി) സമ്പാദ്യ-സമാശ്വാസ പദ്ധതിക്കല്ലാതെ മറ്റ് ഒരു കാര്യത്തിലും വേർതിരിവില്ല.

LIBRARY ARCHIVES Kerala Legislative Assembly